**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5669**

**27.10.2011-ൽ മറുപടിയ്ക്ക്**

**ഐ.റ്റി.മേഖലയിലെ തൊഴിൽ നിയമം**

**ചോദ്യം**

ശ്രീ.വി.ഡി.സതീശൻ:
ശ്രീ.റ്റി.എൻ.പ്രതാപൻ:
ശ്രീ. കെ.അച്ചുതൻ:
ശ്രീ.വർക്കല കഹാർ:

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) ഏതൊക്കെ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകളാണ് ഐ.റ്റി.രംഗത്ത് നടപ്പാക്കി വരുന്നത്;

(എ) പേയ്മെന്റ് ഓഫ് വേജസ് ആക്ട്-1936, മിനിമം വേജസ് ആക്ട് 1948, കോൺട്രാക്ട് ലേബർ (റഗുലേഷൻ & അബോളിഷൻ) ആക്ട് 1970, കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് ആക്ട് 1960, കേരള കാഷ്വൽ ടെമ്പററി & ബദലി വർക്കേഴ്സ് ആക്ട്-1989, കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ളിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡേയ്സ്) ആക്ട് 1958, മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്-1961 എന്നീ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകളാണ് ഐ.ടി.രംഗത്ത് നടപ്പിലാക്കിവരുന്നത്.

(ബി) നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഈ രംഗത്ത് നടപ്പാക്കാൻ ശ്രമിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ബി) & (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഈ രംഗത്ത് സ്വയം നിയന്ത്രിത തൊഴിൽ ചട്ടങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ജി.ഒ.(എം.എസ്)55/2002/തൊഴിൽ, തീയതി 27/7/2002 പ്രകാരം ഐ.ടിമേഖലയിലെ സ്ഥാപനങ്ങൾക്ക് സെൽഫ് സർട്ടിഫിക്കേഷൻ സിസ്റ്റം മുഖേന തൊഴിൽ വകുപ്പിനെയും ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനെയും സ്വയം നിയന്ത്രിത തൊഴിൽ ആയി സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) എങ്കിൽ തൊഴിലാളി സംഘടനകളുമായി കൂടിയാലോചിക്കാൻ തയ്യാറാകുമോ?

(ഇ) ബാധകമല്ല.

**സെക്ഷൻ ഓഫീസർ**